(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ എത്ര മത്സ്യത്തൊഴിലാളികൾ പാർക്കുന്നുവെന്ന് കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കടലോര പ്രദേശങ്ങളിൽ വളരെ വർഷക്കാലമായി താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്, 1,28,229 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലായി 1,82,441 മത്സ്യത്തൊഴിലാളികൾ താമസിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച കോളനികളിൽ സമയബന്ധിതമായി പട്ടയം വിതരണം ചെയ്യണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

86 (1312) കടലോര പുറമ്പോക്കു ഭൂമി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര ഏക്കർ കടലോര പുറമ്പോക്കു ഭൂമിയുണ്ട്;

(ബി) പ്രസ്തുത പുറമ്പോക്കു ഭൂമി പതിച്ചു കൊടുക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(സി) പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യാൻ ബാക്കിയുണ്ട് എന്നും അവ ഏതെല്ലാം പഞ്ചായത്തിൽ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ പ്രസ്തുത ഭൂമി വരുന്നതുകൊണ്ട് വീട് വയ്ക്കുവാൻ പതിച്ചു നൽകാൻ നിർവ്വാഹമില്ല.

(സി) പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന 27 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യാൻ ബാക്കിയുണ്ട്. അവ താഴെ പറയും പ്രകാരമാണ്.

ചേമഞ്ചേരി പഞ്ചായത്ത്	18
പയ്യോളി പഞ്ചായത്ത്	9
	27

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly